# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **19.06.2014 ൽ മറുപടിയ്ക്ക്**

**നിയമസഭാ**

**ചോദ്യം നം. 2741**

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പ്രദീപ്കുമാർ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ; | എ) ബി.ടെക് കോഴ്സുകൾ<br>1. അപ്ളൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ<br>2. സിവിൽ എഞ്ചിനീയറിംഗ്<br>3. കെമിക്കൽ എഞ്ചിനീയറിംഗ്<br>4. മെക്കാനിക്കൽ എഞ്ചിനീയറിംഗ്<br>5. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ<br>എം.ടെക് കോഴ്സുകൾ<br>1. കെമിക്കൽ എഞ്ചിനീയറിംഗ്<br>2 മെക്കാനിക്കൽ എഞ്ചിനീയറിംഗ് |
| ബി) ഈ കോഴ്സുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>സി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ പല കോഴ്സുകളുടെയും അംഗീകാരം റദ്ദാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) സ്ഥലപരിമിതി ഉണ്ടെങ്കിലും പ്രസ്തുത കോഴ്സുകൾ തടസ്സം കൂടാതെ നടന്നുവരുന്നുണ്ട്. ഈ കോഴ്സുകളുടെ അംഗീകാരം റദ്ദാക്കേണ്ടുന്ന സാഹചര്യം നിലവിലില്ല. |
| ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ കോളേജിൽ ലഭ്യമല്ലാത്തതെന്ന് വിശദമാക്കുമോ; | ഡി) സിവിൽ എഞ്ചിനീയറിംഗ് ബ്ലോക്ക്, അക്കാഡമിക് കോംപ്ലക്സ് എന്നിവയിൽ സ്ഥലപരിമിതിയുണ്ട്. |
| ഇ) ഈ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോളേജ് അധികൃതർ സർക്കാരിലേക്കും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേയ്ക്കും അപേക്ഷ നൽകിയിട്ടുണ്ടോ;<br>എഫ്) എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഇ) & എഫ്) അപേക്ഷ നൽകിയിട്ടുണ്ട്. സിവിൽ എഞ്ചിനീയറിംഗ് ബ്ലോക്ക് രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിനായുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. അക്കാഡമിക് കോംപ്ലക്സ് നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉടൻ സർക്കാരിലേക്ക് സമർപ്പിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ